പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1579 06.03.2020-ലെ മറുപടിക്ക്

# ബസ്സപകടത്തിൽ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.ജെ. വിനോദ്<br>" അനൂപ് ജേക്കബ്<br>" വി.പി.സജീന്ദ്രൻ<br>ശ്രീമതിഷാനിമോൾ ഉസ്മാൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അവിനാശി ബസ്സപകടത്തിൽ മരണമടഞ്ഞ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ആശ്രിതർക്ക് എന്തൊക്കെ സഹായങ്ങളാണ് കെ.എസ്.ആർ.ടി.സി. പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | 2014 ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിഗത അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാ ടിക്കറ്റിൽ മേലുള്ള സെസ്സ്) ആക്ട് V പ്രകാരം കെ.എസ്.ആർ.ടി.സി. ബസ്സിലെ യാത്രാവേളയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് സമൂഹ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് വേണ്ടി യാത്രക്കാരിൽ നിന്നും യാത്രാ ടിക്കറ്റിന്മേൽ സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. 2019-20 കാലയളവിൽ ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിയുമായാണ് ടി ആക്ട് പ്രകാരമുള്ള കരാറിൽ കെ.എസ്.ആർ.ടി.സി. ഏർപ്പെട്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ് അപകടത്തിൽ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ടി ഇൻഷ്വറൻസ് പ്രകാരം 10 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്. 20.2.2020 ൽ നടന്ന അവിനാശി അപകടത്തിൽ മരണമടഞ്ഞ ജീവനക്കാരായിരുന്ന വി.ഡി.ഗിരീഷ്, ബൈജു.വി.ആർ എന്നിവരുടെ ആശ്രിതർക്ക് അർഹതപ്പെട്ട ഇൻഷ്വറൻസ് തുക ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി., ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിയ്ക്ക് കത്ത് നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷം രൂപ വീതം 24.2.2020- |
| (ബി) | ഇപ്രകാരമുള്ള അപകടങ്ങളിൽപ്പെട്ടവർക്ക് കെ.എസ്.ആർ.ടി.സി. ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള സെസ്സുകളിൽനിന്നും സഹായം നൽകുന്നതിന് സാധിക്കുമോയെന്ന് വെളിപ്പെടുത്താമോ; | | |
| (സി) | കെ.എസ്.ആർ.ടി.സി. പ്രഖ്യാപിച്ച തുക ജീവനക്കാരുടെ ആശ്രിതർക്ക് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | ൽ ഇൻഷ്വറൻസ് കമ്പനി കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും, ടി തുക ചെക്ക് മുഖാന്തിരം സെൻട്രൽ സോൺ മേഖലാ ഓഫീസർ മുഖേന ആശ്രിതർക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കെ.എസ്.ആർ.റ്റി.സി.യിലെ സ്ഥിരം ജീവനക്കാർ, കേരള സർക്കാരിന്റെ Group Personnel Accident Insurance ൽ അംഗങ്ങളാണ്. അപകട മരണത്തിന് ടി സ്കീമിലൂടെ 10 ലക്ഷം രൂപ ആശ്രിതർക്ക് ലഭിക്കുന്നതാണ്. കൂടാതെ, കോർപ്പറേഷൻ SBI General Insurance മായി ചേർന്ന് എല്ലാ ജീവനക്കാർക്കും നടപ്പാക്കിയിരിക്കുന്ന അപകടമരണ ഇൻഷ്വറൻസിലൂടെ ജീവനക്കാരുടെ ആശ്രിതർക്ക് 500 രൂപ പ്രീമിയം നിരക്കിൽ 10 ലക്ഷം രൂപയും 1000 രൂപ പ്രീമിയം നിരക്കിൽ 20 ലക്ഷം രൂപയും ലഭ്യമാകുന്നതാണ്.<br>ടി അപകടത്തിൽ മരണപ്പെട്ട ഡ്രൈവർ-കം-കണ്ടക്ടർമാരായ വി.ഡി. ഗിരീഷ്, വി.ആർ. ബൈജു എന്നിവർ സർക്കാരിന്റെ GPAI സ്കീമിലും, SBI General Insurance സ്കീമിലും (പ്രീമിയം നിരക്ക് 500 രൂപ) അംഗങ്ങളായിരുന്നു. ആയതിനാൽ ടി ജീവനക്കാരുടെ ആശ്രിതർക്ക് ടി രണ്ട് ഇൻഷ്വറൻസ് സ്കീമിലെയും ക്ലെയിം തുകയായ 20 ലക്ഷം രൂപ വീതം (10 ലക്ഷം + 10 ലക്ഷം) ലഭിയ്ക്കുന്നതാണ്.<br>പ്രസ്തുത അപകടത്തിൽപെട്ട KL-15-A-282-ാം നമ്പർ വോൾവോ ബസിന് നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ പോളിസി നമ്പർ 57020331191000977-ാം നമ്പരായി സാധുവായ തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരുന്നതാണ്. ടി അപകടത്തിൽ മരണപ്പെട്ട ജീവനക്കാരായ ബൈജു വി.ആർ., വി.ഡി.ഗിരീഷ് എന്നിവരുടെ ആശ്രിതർക്ക് ടി പോളിസിയുടെ പരിരക്ഷ ലഭിക്കുന്നതാണ്. മരണപ്പെട്ട ടി ജീവനക്കാരുടെ ആശ്രിതർക്ക് 1988 ലെ മോട്ടോർ വാഹന നിയമ പ്രകാരമോ, 1923 ലെ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരമോ |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം ലഭിക്കുന്നതിന് മേൽ വിവരിച്ച തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിരക്ഷ പ്രകാരം അർഹതയുള്ളതാണ്.<br>ടി ജീവനക്കാരുടെ ആശ്രിതർക്ക് കേരള സർക്കാരിന്റെ Group Personnel Accident Insurance, SBI General Insurance-ന്റെ അപകടമരണ ഇൻഷ്വറൻസ് എന്നിവ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br>SBI General Insurance-ന്റെ അപകട മരണ ഇൻഷ്വറൻസ് ക്ലെയിം ബാങ്കിൽ നിന്നും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ഇൻഷ്വറൻസ് ക്ലെയിമുകൾ ലഭിക്കുന്നതിനായി F.I.R, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യമാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷ ഇൻഷ്വറൻസ് കമ്പനിക്ക് അയക്കുന്നതാണ്.<br>ടി ജീവനക്കാരുടെ ആശ്രിതർക്ക് അർഹതപ്പെട്ട DCRG, STPF, ഫാമിലി പെൻഷൻ എന്നിവ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കോർപ്പറേഷൻ അനുവദിച്ച് നൽകുന്നതാണ്.<br>കൂടാതെ അപകടത്തിൽ മരണമടഞ്ഞ യാത്രക്കാർക്കും പരിക്ക് പറ്റിയവർക്കും സഹായം നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. യാത്രക്കാർക്ക് സർക്കാർ സഹായം നൽകാൻ തീരുമാനിക്കുന്ന പക്ഷം മരണമടഞ്ഞ ജീവനക്കാർക്കും സഹായം നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**